പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *222 | 05.05.2017 ന് മറുപടിയ്ക്ക്.

## സംസ്ഥാനത്ത് തൊഴിൽ വൈദഗ്ധ്യ പരിശീലനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ

ചോദ്യം

*222. ശ്രീ.കെ.വി.അബ്ദുൾ ഖാദർ
,, സി.കൃഷ്ണൻ
,, വി. കെ. സി. മമ്മത് കോയ
,, ഐ.ബി. സതീഷ്

ഉത്തരം

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് തൊഴിൽ വൈദഗ്ധ്യ പരിശീലനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ്; ഈ രംഗത്ത് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസിന്റെ പ്രവർത്തനം അറിയിക്കാമോ;

(എ) വിവിധ മേഖലയിൽ തൊഴിൽ നൈപുണ്യവികസന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ ഉടമസ്ഥതയിൽ കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (Kerala Academy for Skills Excellence)) സ്ഥാപിതമായി. പ്രസ്തുത സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ താഴെപ്പറയുന്ന നൈപുണ്യവികസന കേന്ദ്രങ്ങൾ തുടങ്ങിയിട്ടുണ്ട്.

I സെന്റർ ഓഫ് എക്സലൻസ്

1. NICE (നെഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ്)
2. CATS (സെന്റർ ഫോർ അഡ്വാൻസ്ഡ് ട്രെയിനിംഗ് ഇൻ സെക്യൂരിറ്റി)
3. ESPOIR (എൻലൈറ്റൻ സ്കിൽസ് പ്രോഗ്രാം ഫോർ ഓയിൽ & റിഗ്)
4. CRETT (സെന്റർ ഫോർ റിസേർച്ച് ഇൻ എഡ്യൂക്കേഷൻ ആന്റ് ടീച്ചർ ട്രെയിനിംഗ്)
5. CEED (സെന്റർ ഫോർ എക്സലൻസ് എന്റർപ്രെണർഷിപ്പ് ഡെവലപ്മെന്റ്)

ഇതുകൂടാതെ നഴ്സിഗ് മേഖലയിൽ KGNLA (KASE ഗ്ലോബൽ നഴ്സിംഗ് ലീഡർഷിപ്പ് അക്കാദമി) വാട്ടർ & വേസ്റ്റ് വാട്ടർ ട്രീറ്റ്മെന്റ് മേഖലയിൽ ഗ്രീൻ മെതേഡ് എഞ്ചിനീയറിംഗ് പ്രൈവറ്റ്

ലിമിറ്റഡ് എന്നീ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള കരാർ ഒപ്പിട്ടു.

II ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC)

കൺസ്ട്രക്ഷൻ മേഖലയിൽ അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ Indian Institute of Infrastructure and Construction (IIIC)- ന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. IIIC ൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആൻഡ് മാനേജ്മെൻറ് കോഴ്സുകളും മേസണറി, കാർപെൻററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളും ലഭ്യമാക്കുവാൻ ആലോചിക്കുന്നു.

III കൗശൽകേന്ദ്രകൾ

നൈപുണ്യ വികാസത്തിനും വ്യക്തിത്വ വികസനത്തിനും തൊഴിൽ നേടുന്നതിനും വേണ്ടിയുള്ള സ്ഥാപനമാണ് കൗശൽ കേന്ദ്ര. സ്കൂൾ കോളേജ് തലത്തിലുള്ള വിദ്യാർഥികളുടെ തൊഴിൽ അഭിരുചി മനസ്സിലാക്കി അവർക്ക് ഉചിതമായ മാർഗനിർദേശങ്ങൾ നൽകുന്നതിനുള്ള അസ്സെസ്സ്മെന്റ് ആൻഡ് കരിയർ ഗൈഡൻസ് സെല്ലായി കൗശൽ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

IV എംപ്ലോയബിലിറ്റി സെന്ററുകൾ

കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് ഡയറക്ടറേറ്റ് ഓഫ് എംപ്ലോയ്മെന്റുമായി സഹകരിച്ച് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റി നൈപുണ്യ വികസന പദ്ധതി നടത്തിവരുന്നു. ഇത് പ്രകാരം എംപ്ലോയബിലിറ്റി സെന്ററുകളിൽ രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് അവരുടെ യോഗ്യതയും, കഴിവും, അഭിരുചിയും മനസ്സിലാക്കി കുറവുകൾ പരിഹരിക്കുന്നതിന് ആവശ്യമായ തരത്തിലുള്ള പരിശീലനങ്ങൾ

നൽകി തൊഴിലിന് പ്രാപ്തരാക്കുകയും, എംപ്ലോയബിലിറ്റി സെന്ററിനകത്തും, പുറത്തുമായി ചെറുതും, വലുതുമായ തൊഴിൽമേളകൾ സംഘടിപ്പിച്ച് സ്വകാര്യ മേഖലയിൽ തൊഴിൽ നേടിയെടുക്കുവാൻ അവരെ സഹായിക്കുകയും ചെയ്യുന്നു.

V കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)

പരമ്പരാഗത രീതിയും ആധുനിക രീതിയും സംയോജിപ്പിച്ച ഡിസൈൻ മേഖലയിൽ സർഗ്ഗ ശേഷിയുള്ള സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ എന്ന സ്ഥാപനം കൊല്ലം ജില്ലയിലെ ചന്ദനത്തോപ്പിൽ പ്രവർത്തിക്കുന്നു. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, അഹമ്മദാബാദിന്റെ മാർഗനിർദേശങ്ങൾക്കനുസരിച്ചാണ് പ്രസ്തുത സ്ഥാപനം പ്രവർത്തിച്ചു വരുന്നത്.

VI കരിയർ ഡവലപ്മെന്റ് സെന്റർ

തൊഴിൽ അന്വേഷകർക്ക് നിശ്ചിത പ്രായപരിധിക്കകം അഭിരുചിയുള്ള കോഴ്സുകളിൽ പ്രവേശനം നേടുകയും യോഗ്യതയ്ക്കനുസരിച്ച് തൊഴിൽ ലഭ്യമാക്കുകയും ചെയ്യുക എന്നതാണ് കരിയർ ഡവലപ്മെൻറ് സെന്ററിന്റെ സുപ്രധാന ലക്ഷ്യം. നാഷണൽ എംപ്ലോയ് മെന്റ് സർവീസ് വകുപ്പിന്റെ കീഴിലാണ് കരിയർ ഡവലപ്മെന്റ് സെന്റർ പ്രവർത്തിക്കുന്നത്. കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മായി സഹകരിച്ച് കൊണ്ട് കേരളത്തിലെ വിവിധ ജില്ലകളിൽ കരിയർ ഡവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചു വരുന്നു.

അക്രഡിറ്റേഷൻ

വിവിധ വ്യവസായ മേഖലകളിൽ നിന്നും ഉന്നത നിലവാരത്തിലുള്ള തൊഴിൽ പരിശീലനം നൽകുന്ന കേരളത്തിലെ സ്ഥാപനങ്ങൾക്ക് KASE അക്രഡിറ്റേഷൻ ലഭ്യമാക്കുന്നു. നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ച് കോഴ്സുകൾ രൂപ കല്പന ചെയ്ത് പരിശീലനം ലഭ്യമാക്കി പരമാവധി ഉദ്യോഗാർത്ഥികൾക്ക്

തൊഴിൽ നേടി കൊടുക്കുക എന്ന വ്യവസ്ഥയിലാണ് ഈ സ്ഥാപനങ്ങൾക്ക് അക്രഡിറ്റേഷൻ നൽകുന്നത്.

(ബി) പാരമ്പര്യ തൊഴിലിലുൾപ്പെടെ വൈദഗ്ധ്യമുള്ളവർക്ക് പ്രാവീണ്യ സർട്ടിഫിക്കറ്റ് നൽകാൻ സംവിധാനം ഏർപ്പെടുത്തുന്നത് തൊഴിൽ ലഭ്യതയ്ക്ക് സാധ്യത വർദ്ധിപ്പിക്കുമെന്നതിനാൽ അതിനു വേണ്ട നടപടി സ്വീകരിക്കുമോ;

(ബി) പരിഗണിക്കുന്നതാണ്.

(സി) തൊഴിൽരഹിതരുടെ അനുപാതം അധികമായിരിക്കുമ്പോഴും അവിദഗ്ധ തൊഴിലുകൾക്ക് സമൂഹത്തിൽ മാന്യത കല്പിക്കാത്ത സാഹചര്യം തിരുത്താനായി ഏതുവിധത്തിലുള്ള ഇടപെടൽ സാധ്യ മാണെന്ന് പരിശോധിക്കുമോ?

(സി) അതിവിദഗ്ധ തൊഴിലുകൾ ആവശ്യമുള്ള മേഖല കണ്ടെത്തി കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) മുഖേന വിവിധ നൈപുണ്യ വികസന പരിപാടികൾ നടപ്പിലാക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. ഒരു പൊതു അവബോധം ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതുണ്ട്.

Bindu

സെക്ഷൻ ഓഫീസർ